**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 798** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഡ്യൂട്ടിക്കിടെ മരിച്ച വനം വകുപ്പ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന സംരക്ഷണ ജോലികൾക്കിടെ നാളിതുവരെ എത്ര വനം വകുപ്പ് ജീവനക്കാരാണ് മരണപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** നാളിതുവരെ 38 ജീവനക്കാർ മരണപ്പെട്ടിട്ടുണ്ട്.

**(ബി)** ഇത്തരത്തിൽ ജീവൻ നഷ്ടപ്പെട്ട ജീവനക്കാരുടെ കുടുംബങ്ങൾക്ക് എന്ത് സഹായമാണ് സർക്കാർ നിലവിൽ നൽകുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സർവീസിലിരിക്കെ ജീവൻ നഷ്ടപ്പെടുന്ന സ്ഥിരം ജീവനക്കാക്കാർക്ക് അർഹമായ സർവീസ് ആനുകൂല്യങ്ങളും GPAIS പ്രകാരമുള്ള ഇൻഷുറൻസ് ആനുകൂല്യങ്ങളും കൂടാതെ കുടുംബത്തിലെ നിയമാനുസൃത അവകാശിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിയും നൽകി വരുന്നു. ഇത്തരത്തിൽ ജീവൻ നഷ്ടപ്പെട്ട താൽക്കാലിക ജീവനക്കാരുടെ കുടുംബങ്ങൾക്ക് ദിവസവേതന ജീവനക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിയുമായി ചേർന്നിട്ടുള്ള Group Personal Accident Policy പ്രകാരം ക്ലെയിം നൽകി വരുന്നു.

**(സി)** മേൽപ്പറഞ്ഞ തരത്തിൽ ജീവൻ നഷ്ട്ടപ്പെട്ട വനം വകുപ്പ് ജീവനക്കാരെ സ്മരിക്കുന്നതിനും ആദരവ് നൽകുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനിടയിൽ ജീവൻ ബലിയർപ്പിച്ച വനം വകുപ്പ് ജീവനക്കാരെ സ്മരിക്കുന്നതിനും ആദരവ് നൽകുന്നതിനും എല്ലാ വർഷവും സെപ്റ്റംബർ 11- ന് വനരക്തസാക്ഷി ദിനമായി ആചരിച്ചുവരുന്നു. രക്തസാക്ഷികളുടെ സ്മരണക്കായി കേരള വനം വകുപ്പ് ആസ്ഥാനത്തും സർക്കിൾ ഓഫീസ് കോംപ്ലക്സുകളിലും രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനയും, അവരുടെ ധീരതയ്ക്കും അർപ്പണ ബോധത്തിനും ആദരവ് അർപ്പിക്കുകയും, പ്രതിജ്ഞ എടുക്കുകയും, ഗാർഡ് ഓഫ് ഓണർ നൽകുകയും, ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. വന സംരക്ഷണത്തിന് വനപാലകർ വഹിക്കുന്ന നിർണ്ണായക പങ്ക് അനുസ്മരിക്കുകയും അവരുടെ ധീരതയ്ക്കും അർപ്പണബോധത്തിനും ആദരവ് സമർപ്പിക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**